പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2116 **26-10-2026-ൽ മറുപടിയ്ക്ക്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് ഇനം തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം, വിഭജനം, അതിർത്തി പുനർനിർണയം എന്നിവ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും വ്യവസ്ഥകളുണ്ട്.

കോർപ്പറേഷൻ, മുൻസിപ്പാലിറ്റി

ഭരണഘടനയുടെ അനുച്ഛേദം 243Q പ്രകാരം ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ ഭരണത്തിനുള്ള വരുമാനം, കാർഷികേതര തൊഴിലുകളിലെ ജനസംഖ്യയുടെ അനുപാതം, സാമ്പത്തിക പ്രാധാന്യം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് ചെറിയ നഗരപ്രദേശങ്ങളും വലിയ നഗരപ്രദേശങ്ങളും നിർണയിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 4 പ്രകാരം നഗരസഭകളുടെ രൂപീകരണം, വിഭജനം, സംയോജനം, അതിർത്തി മാറ്റം എന്നിവയ്ക്കും വ്യവസ്ഥയുണ്ട്. ബന്ധപ്പെട്ട നിയമവ്യവസ്ഥകൾക്കും നിർദിഷ്ട നടപടിക്രമങ്ങൾക്കും വിധേയമായാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നത്''.

പഞ്ചായത്ത് വിഭജനം മാനദണ്ഡങ്ങൾ:

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 4 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണത്തിനും നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രദേശപരിധിയിൽ മാറ്റം വരുത്തുന്നതിനും സർക്കാരിന് അധികാരമുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തിന്റെ അഭ്യർത്ഥനയിലോ പഞ്ചായത്തുമായി കൂടിയാലോചിച്ചോ, നിർദിഷ്ട മാറ്റം സംബന്ധിച്ച നിർദേശം മുൻകൂട്ടി പ്രസിദ്ധീകരിച്ച് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചോ ഗ്രാമപഞ്ചായത്തുകളുടെ വിഭജനവും പ്രദേശപരിധി പുനർനിർണയവും നടത്താവുന്നതാണ്.

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വലിയ പഞ്ചായത്തുകളായ പള്ളിക്കൽ, മൂന്നിയൂർ എന്നിവ വിഭജിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: പരിശോധിച്ചു വരുന്നു.

(സി) നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രായോഗികമായ വിഭജനം ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് വിദഗ്ധ സമിതിയെ നിയോഗിക്കുമോ?

മറുപടി: നിലവിൽ പരിഗണനയില്ല.

സെക്ഷൻ ഓഫീസർ